ഉത്തരം

(എ)&(ബി) ആരോഗ്യപരമായ കാരണങ്ങൾ കാണിച്ച് ശ്രീമതി മറിയാമ്മ സെബാസ്റ്റ്യൻ സമർപ്പിച്ചിരുന്ന അപേക്ഷയുടെ വെളിച്ചത്തിൽ കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിലെ ഡീലക്സ് മുറിയിൽനിന്നും ശ്രീമതി ശാന്തകുമാരി ഒഴിയുന്ന മുറയ്ക്ക് ശ്രീമതി മറിയാമ്മ സെബാസ്റ്റ്യന് നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ അവ്യക്തതമൂലം ശ്രീമതി ശാന്തകുമാരിയെ ഒഴിപ്പിച്ചെങ്കിലും പിഴവ് ശ്രദ്ധയിൽപ്പെട്ടപ്പോൾ 18.11.99-ലെ 1054/99/പൊമവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പൂർവ്വസ്ഥിതി പുനഃസ്ഥാപിച്ചിട്ടുണ്ട്. 15.12.99-ലെ 1475/99 ഹയർ എഡ്യൂക്കേഷൻ നമ്പർ ഉത്തരവു പ്രകാരം ശ്രീമതി ശാന്തകുമാരിക്ക്, അവരുടെ അപേക്ഷ പ്രകാരം തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

(സി) സർവ്വീസ് സീനിയോറിറ്റി ഹോസ്റ്റൽ/ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് ഒരു മാനദണ്ഡമല്ല.

(ഡി) ശ്രീമതി ശാന്തകുമാരി തിരുവനന്തപുരം സ്വദേശിനിയും ശ്രീമതി മറിയാമ്മ സെബാസ്റ്റ്യൻ കോട്ടയം ജില്ല സ്വദേശിനിയും ആണെന്ന് അറിയുന്നു.

91 (1309) സെഷണൽ സമ്പ്രദായം തുടർന്നു നടത്തുന്നതിന് അനുമതി

ശ്രീ. പി.കെ അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂർ കെ.പി.എൻ.എം.യു.പി. സ്കൂളിലെ സെഷണൽ സമ്പ്രദായം തുടർന്നും നടത്തുന്നതിന് അനുമതി നൽകണമെന്ന പി.ടി.എ. പ്രസിഡന്റിന്റെ അപേക്ഷയിൻമേൽ നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)പ്രസ്തുത അപേക്ഷയിൻമേൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

92 (1310) വായ്പ ലഭിക്കാനുണ്ടായ കാലതാമസം

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മേൽമുറി ഗവൺമെന്റ് യു.പി. സ്കൂളിലെ അറബിക് അദ്ധ്യാപകനായ കെ.എം. അബ്ദുൾ റഷീദ് ഹൃദയ ശസ്ത്രക്രിയ്ക്കായി നൽകിയ പലിശരഹിത വായ്പയ്ക്കുള്ള അപേക്ഷ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടറുടെ ഓഫീസിൽനിന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഓഫീസിൽ എന്നാണ് ലഭ്യമായത്;

(ബി) പ്രസ്തുത ഫയലിൽ (47018/എസ്2/99/ജി.എഡ്യൂ.) വായ്പ അനുവദിച്ച് ഉത്തരവായതെന്നാണ്;

(സി) അടിയന്തിരമായിട്ട് ചികിത്സ ലഭിക്കേണ്ട ഇക്കാര്യത്തിൽ ഇത്രയും കാലതാമസത്തിന് ഇടയായ സാഹചര്യമെന്താണ്;

(ഡി) കാലതാമസത്തിന് ഉത്തരവാദികളാരെല്ലാമാണ്;

(ഇ) അവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) മലപ്പുറം ജില്ലയിലെ മേൽമുറി ഗവൺമെന്റ് യു. പി. സ്കൂളിലെ അറബിക് അദ്ധ്യാപകനായ ശ്രീ. കെ.എം. അബ്ദുൾ റഷീദിന് ഹൃദയ ശസ്ത്രക്രിയയ്ക്കായി 1,50,000 രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ 10.9.99-ൽ പൊതുവിദ്യാഭ്യാസ (എസ്) വകുപ്പിൽ ലഭിക്കുകയുണ്ടായി. അതിൻമേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെടുകയും ആ വകുപ്പ് 1,10,000 രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിച്ചു നൽകുവാൻ സമ്മതിക്കുകയും തുടർന്ന് ധനകാര്യ വകുപ്പിന്റെ സമ്മതവും നേടിയശേഷം ശ്രീ. കെ.എം. അബ്ദുൾ റഷീദിന് 1,10,000 രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ജി.ഒ. (ആർ.ടി.) 5389/99/ജി.ഡബ്ല്യൂ. നമ്പർ സർക്കാർ ഉത്തരവ് 10.12.99-ൽ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

93 (1311) ഡി.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിന് നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം താലൂക്കുകളിൽ ഡി.ഇ.ഒ. ഓഫീസ് പ്രവർത്തിക്കുന്നുണ്ട്;

(ബി) തികച്ചും മലയോര താലൂക്കായ നെടുമങ്ങാട് താലൂക്കിൽ ഒരു ഡി.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് വിവിധ അദ്ധ്യാപക യൂണിയനുകൾ നൽകിയ നിവേദനത്തിൽ മേൽനടപടി സ്വീകരിക്കുമോ;

(ഡി) ഡി.ഇ.ഒ. ഓഫീസ് നെടുമങ്ങാടില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം, ആറ്റിങ്ങൽ, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിൽ ഡി.ഇ.ഒ. ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly